(ബി) പുതിയ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിൻെറ നയവും പരിപാടിയും വിശദീകരിക്കാമോ?

ഉത്തരം

(എ) അൻപത്തിഏഴ്.

(ബി) നിലവിലുള്ള താലൂക്കുകളെ ഭരണപരമായ സൗകര്യവും വിസ്തീർണ്ണവും ജനസംഖ്യയും മറ്റും കണക്കിലെടുത്ത് ഘട്ടം ഘട്ടമായി പുനർവിഭജനം ചെയ്യുവാൻ ആലോചനയുണ്ട്.

ഭൂമി പതിച്ചു കിട്ടാൻ നടപടി

1038 [1656] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാവായിക്കുളം വില്ലേജിൽ സർവ്വേ 1301-ൽ 35 സെൻറ് ഭൂമി പതിച്ചു കിട്ടണമെന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറിൻെറ നമ്പർ 52501/എ2/78 ആർ. ഡി. പ്രകാരമുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

പ്രസ്തുത ഭൂമിയെ സംബന്ധിച്ചുള്ള പതിവ് റിക്കാർഡുകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. കക്ഷി കമ്പോളവില ഒടുക്കുന്ന മുറയ്ക്ക് പട്ടയം പതിച്ചുകൊടുക്കുന്നതാണ്.

റാന്നി ആസ്ഥാനമാക്കി താലൂക്ക്

1039 [1657] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി ആസ്ഥാനമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് നടപടികൾ എടുക്കുന്ന അവസരത്തിൽ ഇതും പരിഗണിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ ലാൻഡ് ബോർഡുകൾ

1040 [1658] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലാൻറ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മിച്ചഭൂമി കേസുകളിൽ ഈ ബോർഡ് തീർപ്പു കൽപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly